**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 514** **20-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ കലാപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അദ്ധ്യയന ദിനങ്ങളിലെ സായാഹ്നങ്ങളിലും അവധി ദിവസങ്ങളിലും സ്കൂളുകളെ കലാപഠന കേന്ദ്രങ്ങൾ കൂടിയാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | 4വയസ്സിനും 18 വയസ്സിനുമിടയിലുള്ള കുട്ടികൾക്ക് പാഠ്യേതരവിഷയങ്ങളിൽ സൃഷ്ടിപരമായ കഴിവും കലാസാംസ്കാരിക ശാസ്ത്രസാമൂഹ്യ മേഖലകളിൽ താല്പര്യവും വളർത്തുന്നതിന് ബാലകേരളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ജവഹർ ബാലഭവനിലെ അദ്ധ്യാപകരേയും വജ്രജൂബിലി കലാകാരന്മാരേയും പ്രയോജനപ്പെടുത്തി കലാ പരിശീലനക്ലാസ്സ് നടത്തുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. കലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച കലാകാരന്മാരെ ഉപയോഗപ്പെടുത്തി കുട്ടികളുടെ അഭിരുചിക്ക് ഇണങ്ങുന്ന വിധം കരകൗശലവിദ്യകൾ, നൃത്ത നൃത്യങ്ങൾ, സംഗീതം, നാടകം, ശാസ്ത്രവിഷയങ്ങൾ, സാഹിത്യം, സന്നദ്ധസേവനം, ലിംഗനീതിബോധം, മാനവികബോധം, വ്യക്തിത്വവികസനം, സമയ പരിപാലനം, ആസൂത്രണം, പരിസ്ഥിതിപഠനം, കമ്പ്യൂട്ടർപഠനം, സാമാന്യ നിയമപഠനം, വീഡിയോ ഗ്രാഫി, നാടോടിക്കഥ, കായികക്ഷമത, കൃഷി, ഗ്രാമീണ ജീവിതം, പൗരബോധം, സെക്കുലറിസം എന്നീ വിഷയങ്ങളിൽ പരിശീലനം നല്കുക എന്നതാണ് ലക്ഷ്യമിടുന്നത്.<br><br>വിദ്യാലയങ്ങളിൽ കലാ, കായിക, സാംസ്കാരിക പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | വിദ്യാലയങ്ങളെ ആരോഗ്യ, മാനസിക, സാംസ്കാരിക വികാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങളായി | (ബി) | 4വയസ്സിനും 18 വയസ്സിനുമിടയിലുള്ള കുട്ടികൾക്ക് പാഠ്യേതരവിഷയങ്ങളിൽ സൃഷ്ടിപരമായ കഴിവും |

| | | | |
|---|---|---|---|
| | മാറ്റുവാൻ ലക്ഷ്യമിട്ട് പ്രഖ്യാപിച്ചിട്ടുള്ള കലാ, കായിക, സാംസ്കാരിക പാർക്കുകളുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും അറിയിക്കുമോ? | | **കലാസാംസ്കാരിക ശാസ്ത്രസാമൂഹ്യ മേഖലകളിൽ താല്പര്യവും വളർത്തുന്നതിന് ബാലകേരളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ജവഹർ ബാലഭവനിലെ അദ്ധ്യാപകരേയും വജ്രജൂബിലി കലാകാരന്മാരേയും പ്രയോജനപ്പെടുത്തി കലാ പരിശീലനക്ലാസ്സ് നടത്തുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. കലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച കലാകാരന്മാരെ ഉപയോഗപ്പെടുത്തി കുട്ടികളുടെ അഭിരുചിക്ക് ഇണങ്ങുന്ന വിധം കരകൗശലവിദ്യകൾ, നൃത്ത നൃത്യങ്ങൾ, സംഗീതം, നാടകം, ശാസ്ത്രവിഷയങ്ങൾ, സാഹിത്യം, സന്നദ്ധസേവനം, ലിംഗനീതിബോധം, മാനവികബോധം, വ്യക്തിത്വവികസനം, സമയ പരിപാലനം, ആസൂത്രണം, പരിസ്ഥിതിപഠനം, കമ്പ്യൂട്ടർപഠനം, സാമാന്യ നിയമപഠനം, വീഡിയോ ഗ്രാഫി, നാടോടിക്കഥ, കായികക്ഷമത, കൃഷി, ഗ്രാമീണ ജീവിതം, പൗരബോധം, സെക്കുലറിസം എന്നീ വിഷയങ്ങളിൽ പരിശീലനം നല്കുക എന്നതാണ് ലക്ഷ്യമിടുന്നത്.**<br><br>**വിദ്യാലയങ്ങളിൽ കലാ, കായിക, സാംസ്കാരിക പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ